പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 990 — 30.06.2015 ലെ മറുപടിക്ക്

## പട്ടികജാതിക്കാരായ ഭവനരഹിതർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ,<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എം.പി.വിൻസെന്റ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാരായ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി പ്രകാരം ഒരാൾക്ക് എത്ര രൂപയാണ് ഇപ്പോൾ നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 75000 രൂപാ നിരക്കിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 1.5 ലക്ഷം രൂപാ നിരക്കിൽ 4½ ലക്ഷം രൂപയും, കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 2 ലക്ഷം രൂപാ നിരക്കിൽ 6 ലക്ഷം രൂപയുമാണ് നല്കി വരുന്നത്.<br>പട്ടികജാതിയിലെ അതിദുർബ്ബല സമുദായങ്ങളിൽപ്പെട്ടവർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം രൂപയും ചേർത്ത് ആകെ 7.25 ലക്ഷം രൂപ ഇപ്പോൾ നൽകി വരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് വീട് വെയ്ക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിന് നൽകിയിരുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിൽ 75,000/- രൂപയും മുനിസിപ്പാലിറ്റികളിൽ 90,000/-രൂപയും കോർപ്പറേഷനുകളിൽ 1 ലക്ഷം രൂപയും വീതമായിരുന്നു.<br>പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നല്കിവന്നിരുന്ന ധനസഹായം 1.25 ലക്ഷമായിരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ നൽകി വരുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) & (ഡി) | ഭൂമിയുടെ. വിലക്കയറ്റം കണക്കിലെടുക്കുമ്പോൾ ഭൂമി വാങ്ങുന്നതിനായി നല്കിവന്നിരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011 ആഗസ്റ്റിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 1½ ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന് മുനിസിപ്പാലി റ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽ നിന്ന് 2 ലക്ഷമായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിരുന്നു. 2014 ഒക്ടോബറിൽ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശ ങ്ങളിൽ യഥാക്രമം 3.75 ലക്ഷം, 4.50 ലക്ഷം, 6 ലക്ഷം രൂപ വീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നൽകി വരുന്ന ധനസഹായം 2012 ഫെബ്രുവരിയിൽ 1.25 ലക്ഷത്തിൽ നിന്നും 2.5 ലക്ഷമായും തുടർന്ന് 2014 ഒക്ടോബറിൽ 3.75 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം രൂപയും ചേർത്ത് ഈ വിഭാഗത്തിന് ഇപ്പോൾ 7.25 ലക്ഷം രൂപ നൽകുന്നുണ്ട്. ഇനിയും വർദ്ധനവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | തുക വർദ്ധിപ്പിക്കുമെങ്കിൽ എത്ര രൂപയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ